തൃക്കുന്നപ്പുഴ പഞ്ചായത്തിൽ അംഗൻവാടി കെട്ടിടങ്ങൾക്ക് നാശനഷ്ടം സംഭവിച്ചതായി റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(ബി) സുനാമി ദുരന്തത്തിൽ നാശനഷ്ടം സംഭവിച്ച അംഗൻവാടികളുടെ പുനർനിർമ്മാണത്തിനും, ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അംഗൻവാടി കെട്ടിടങ്ങളുടെ നിർമ്മാണം നടത്തുന്നതിലേക്കായി സന്നദ്ധ സംഘടനകൾക്ക് അനുമതി നൽകിയിട്ടുണ്ട്. കൂടാതെ അംഗൻവാടികൾക്ക് നഷ്ടപ്പെട്ട സാധനങ്ങൾക്ക് പകരം സാധനങ്ങൾ ലഭ്യമാക്കാമെന്ന് യൂണിസെഫ് സമ്മതിച്ചിട്ടുണ്ട്.

(സി) പുനരുദ്ധാരണ പ്രവർത്തനങ്ങൾ എത്രയും പെട്ടെന്ന് പൂർത്തീകരിക്കുവാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ സ്ഥാപനങ്ങൾക്ക് പ്രതിവർഷ ഗ്രാന്റ്

24 [2161] ശ്രീ. വി. കെ. ചന്ദ്രൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിൽ ആകെ എത്ര സ്ഥാപനങ്ങൾക്ക് ഏതെല്ലാം വിഭാഗത്തിന് പ്രതിവർഷ ഗ്രാന്റ് നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ഏറ്റവും കൂടുതൽ തുകയും ഏറ്റവും കുറച്ച് തുകയും ഗ്രാന്റ് ലഭിക്കുന്ന സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) 2004-05 സാമ്പത്തിക വർഷം പ്രസ്തുത സ്ഥാപനങ്ങളിൽ ഫിനാൻഷ്യൽ ഇൻസ്പെക്ഷൻ വിംഗ് നടത്തിയ പരിശോധനയിൽ ആകെ എത്ര ക്രമക്കേടുകളാണ് കണ്ടെത്തിയത്:

(ഡി) കുറ്റക്കാരായവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സാമൂഹ്യക്ഷേമ വകുപ്പിൽനിന്നും സന്നദ്ധ സംഘടനകൾ നടത്തുന്ന അനാഥാലയങ്ങൾ, യാചക മന്ദിരങ്ങൾ, വൃദ്ധജന മന്ദിരങ്ങൾ, ഫൗണ്ടലോംഗ് ഹോമുകൾ, വികലാംഗക്ഷേമ സ്ഥാപനങ്ങൾ, അംഗൻവാടി പരിശീലന കേന്ദ്രങ്ങൾ തുടങ്ങിയ സ്ഥാപനങ്ങൾക്ക് ഗ്രാന്റ് പഞ്ചായത്ത്/കോർപ്പറേഷൻ എന്നിവ വഴി നൽകി വരുന്നു. സ്ഥാപനങ്ങളുടെ എണ്ണം ശേഖരിച്ചു നൽകുന്നതാണ്.

(ബി,സി,ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

സാമൂഹ്യ സുരക്ഷിതത്വ ഫണ്ട്

25 [2162] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:
ഡോ. തോമസ് ഐസക്:
ശ്രീ. രാജു എബ്രഹാം:
" കെ. വി. കുഞ്ഞിരാമൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

(എ) സാമൂഹ്യ സുരക്ഷിതത്വ ഫണ്ട് എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ സർക്കാർ തീരുമാനിച്ചിരുന്നുവോ;

(ബി) എങ്കിൽ പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(സി) സാമൂഹ്യ സുരക്ഷിതത്വ ഫണ്ട് പദ്ധതിയിനത്തിൽ 2002-03, 2003-04, 2004-05 എന്നീ വർഷങ്ങളിൽ വകയിരുത്തിയ വിഹിതം എത്ര കോടി വീതമായിരുന്നു;

(ഡി) എത്ര കോടി രൂപ ഫണ്ടിൽനിന്നും ഇതിനകം ചെലവഴിക്കുകയുണ്ടായി;

(ഇ) ഈ പദ്ധതിയുടെ നിർവ്വഹണത്തിനായുള്ള സാധുജനം എന്ന നിർവ്വചനത്തിൽപ്പെട്ട എത്ര പേർ സംസ്ഥാനത്തുണ്ടെന്ന് കണക്കാക്കപ്പെട്ടിട്ടുണ്ടോ; അതിൽ എത്ര പേർക്ക് ഇതിനകം സഹായം ലഭ്യമാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തീരുമാനിച്ചിരുന്നു.

(ബി) സംസ്ഥാനത്തെ അഗതികളും നിർദ്ധനരുമായ ജനങ്ങൾക്ക് ആവശ്യഘട്ടങ്ങളിൽ സാമ്പത്തിക സഹായം ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടെയാണ് സാധുജന സാമൂഹ്യ സുരക്ഷിതത്വ ഫണ്ട് എന്ന പേരിൽ ഒരു സാമൂഹ്യ സുരക്ഷാ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. കുടുംബശ്രീ ആശ്രയ പദ്ധതികളുടെ നടത്തിപ്പിനായി അഗതി കുടുംബങ്ങളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ള അഗതി കുടുംബങ്ങളും സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള ക്ഷേമ സ്ഥാപനങ്ങളിൽ അന്തേവാസികളായി കഴിയുന്നവരുമാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ. മേൽ പ്രസ്താവിച്ച വിഭാഗത്തിൽ ഉൾപ്പെടുന്നവർക്ക് സർക്കാരോ ഇതര സർക്കാർ ഏജൻസികളോ അനുവദിക്കുന്ന സഹായത്തിനു പുറമേ ഗുണഭോക്താക്കളുടെ അടിസ്ഥാന ആവശ്യങ്ങൾ, അതിജീവനാവശ്യങ്ങൾ, മാനസീകാവശ്യങ്ങൾ തുടങ്ങിയവയ്ക്ക് കുടുംബം ഒന്നിന് പരമാവധി 10,000 രൂപ വരെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾവഴി വിതരണം ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനുള്ള പുതുക്കിയ നിർവ്വഹണ ചട്ടങ്ങൾ തയ്യാറാക്കി വരുന്നതേയുള്ളൂ.

(സി) 2002-03—25 കോടി രൂപ.
2003-04—ഇല്ല.
2004-05—40 കോടി രൂപ.

(ഡി) തുകയൊന്നും ചെലവഴിച്ചിട്ടില്ല.

(ഇ) ആശ്രയ പദ്ധതി നടപ്പിലാക്കാൻ കുടുംബശ്രീ തെരഞ്ഞെടുത്ത 368 പഞ്ചായത്തുകളിലാണ് ഇപ്പോൾ ഈ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ശേഷിക്കുന്ന ഗ്രാമ പഞ്ചായത്ത്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി എന്നിവിടങ്ങളിൽ ആശ്രയ പദ്ധതി പ്രാവർത്തികമാക്കുന്ന മുറയ്ക്ക് ഈ പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു. സാധുജന സാമൂഹ്യ സുരക്ഷാ ഫണ്ടിൽനിന്നും സഹായങ്ങളൊന്നും ഇതുവരെ വിതരണം ചെയ്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly